**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **20-01-2021 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം സംബന്ധിച്ച പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീ . ജി .എസ് .ജയലാൽ ,<br>ശ്രീമതി സി. കെ. ആശ | | Shri P. Thilothaman<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ വർഷത്തെ നെല്ല് സംഭരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | നിലവിൽ സംഭരണം നടക്കുന്ന 2020-21 സീസണിൽ 12.01.2021 വരെ 60,433 കർഷകരിൽ നിന്നായി 1.73 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇതിൽ 52833 കർഷകർക്ക് നെല്ലിന്റെ വിലയായ 438.64 കോടി രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 7 ലക്ഷം ടൺ സംഭരണം പ്രതീക്ഷിക്കുന്നു. |
| (ബി) | നിലവിൽ നെല്ല് സംഭരണ പ്രക്രിയയിൽ നിശ്ചയിച്ച ഔട്ട് ടേൺ റേറ്റ് (ഒ.ടി.ആർ.) സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | (ബി) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട ഗുണനിലവാരവും ഔട്ട് ടേൺ റേഷ്യോയും കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഔട്ട് ടേൺ റേഷ്യോ 68% ആണ്. |
| (സി) | സർക്കാർ അംഗീകരിച്ച ഒ.ടി.ആർ. സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (സി) | കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ സംബന്ധിച്ച് സർക്കാർ നിശ്ചയിച്ച വിദഗ്ധ സമിതിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ വഴി സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5% ആയി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | അരിമില്ലുകൾക്ക് നല്കുന്ന പ്രോസസിംഗ്ഫീ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുത്ത് സംസ്കരിച്ച് അരിയാക്കി തിരികെ നൽകുന്നതിന് 214 രൂപ / ക്വിൻറൽ എന്ന നിരക്കിലാണ് മില്ലുകാർക്ക് സംസ്കരണ ചെലവ് നൽകുന്നത്. |
| (ഇ) | കേന്ദ്രത്തിൽ നിന്നും നെല്ല് സംഭരണത്തിനുള്ള റീഇമ്പേഴ്സ്മെന്റ് ഏത് കാലയളവ് വരെ നല്കിയെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുവിതരണ സംവിധാനം മുഖേന വിതരണം ചെയ്ത അരിയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ക്ലെയിമിൽ 2020 മാർച്ച് വരെയുള്ള തുക അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ